# റെഡ് റിബൺ എക്സ്പ്രസ് പ്രചാരണ  പരിപാടി

എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ ലക്ഷ്യമിട്ട് ദേശീയ എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (നാകോ) നടപ്പാക്കുന്ന പദ്ധതിയാണ് റെഡ് റിബൺ എക്സ്പ്രസ്. ഇതിന്റെ ആദ്യഘട്ടം 2007 ഡിസംബറിൽ തുടങ്ങി 2008 ഡിസംബറിൽ അവസാനിച്ചിരുന്നു. 180 ജില്ലകൾ സന്ദർശിച്ച ട്രെയിൻ 62 ലക്ഷത്തിലധികം ജനങ്ങൾക്ക് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ നേരിട്ടെത്തിച്ചു. ഇതിന് ജില്ലാതലങ്ങളിലായി 60,000 പരിശീലകരുടെ സേവനവും ഉണ്ടായിരുന്നു.
തീവണ്ടിയിലൂടെ 25000 കിലോമീറ്റർ സഞ്ചരിച്ചാണ് രണ്ടാം ഘട്ടത്തിൽ എച്ച്ഐവി എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നത്. 160 ജില്ലകളിലായി 10,000 ഗ്രാമങ്ങളിലൂടെ റെഡ് റിബൺ എക്സ്പ്രസ് സഞ്ചരിക്കും.ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് (2009) യു.പി.എ അദ്ധ്യക്ഷ സോണിയ ഗാന്ധി ഒരു വർഷം നീളുന്ന യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

### റെഡ് റിബൺ എക്സ്പ്രസിന്റെ ലക്ഷ്യങ്ങൾ

റെഡ് റിബൺ എക്സ്പ്രസ് പദ്ധതി താഴെപ്പറയുന്ന കാര്യങ്ങളാണ്  ലക്ഷ്യമിടുന്നത്.
**എ)** എച്ച്ഐവി പ്രതിരോധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുക
**ബി)** എച്ച്ഐവി, എയ്ഡ്സ് ബാധിതരെ സംബന്ധിക്കുന്ന ശരിയായ വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുക.
**സി)** അതുവഴി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക.
**ഡി)** എച്ച്ഐവി, എയ്ഡ്സ് പകരുന്നത് തടയാൻ വേണ്ട മുൻകരുതലുകളെ പറ്റി ജനങ്ങൾക്കുള്ള അറിവ് ശക്തിപ്പെടുത്തുക.
**ഇ)** എച്ച്ഐവി, എയ്ഡ്സ് പ്രതിരോധിക്കാനുള്ള ജീവിതശൈലിയും ആരോഗ്യശീലങ്ങളും കൈവരിക്കാൻ സമൂഹത്തെ പ്രാപ്തരാക്കുക.

### റെഡ് റിബൺ എക്സ്പ്രസ് എന്നാൽ

എച്ച്ഐവി, എയ്ഡ്സിനെതിരായ സന്ദേശങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തിരിക്കുന്ന പ്രചാരണ  പരിപാടിയാണ് റെഡ്  റിബൺ എക്സ്പ്രസ് പ്രചാരണം. റെഡ് റിബൺ എക്സ്പ്രസ്  എന്ന  പേരിലുള്ള  പ്രത്യേക ട്രെയിനാണ് ഇത്. രാജ്യത്തെമ്പാടുമായി യാത്ര ചെയ്ത് വിവിധ കേന്ദ്രങ്ങളിൽ തമ്പടിച്ച്  പ്രചാരണ പ്രവർത്തനം നടത്തുകയാണ് ലക്ഷ്യം. ട്രെയിനിന്റെ ഘടന താഴെപ്പറയുന്നതു പോലെയാണ്.
**കോച്ച് 1: പ്രദർശനം.**
എച്ച്ഐവി, എയ്ഡ്സിനെ സംബന്ധിച്ച വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം, പൊതുജനങ്ങളുമായി സംവദിക്കുന്ന ടച്ച് സ്ക്രീനുകൾ, ത്രിമാന മാതൃകകൾ.
**കോച്ച് 2: പ്രദർശനം.**
എച്ച്ഐവി, എയ്ഡ്സ് നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങളെ പറ്റിയുള്ള പ്രദർശനം, വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം.
**കോച്ച് 3: പ്രദർശനം**. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണം ഒരു സാമൂഹിക വിഷയമെന്ന നിലയിലും മറ്റുള്ള വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്ന പ്രദർശനം.
**കോച്ച് 4: പ്രദർശനം.**
പൊതുജനാരോഗ്യത്തെ പറ്റിയുള്ള അറിവുകൾ നൽകുന്ന പ്രദർശനം. സാംക്രമിക രോഗങ്ങളെ പറ്റി പ്രതിപാദിക്കുന്നുണ്ട്.
**കോച്ച് 5: ഓഡിറ്റോറിയവും കോൺഫറൻസ് ഹാളും.**
ഇതിൽ ത്രിതല പഞ്ചായത്ത് അംഗങ്ങൾ, അംഗൻവാടി പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, യുവജനങ്ങൾ, സ്ത്രീകൾ, വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർ എന്നിവർക്ക് അതാത് മേഖലയുമായി ബന്ധപ്പെട്ട പരിശീലനം നൽകും. 60 പേർ അടങ്ങുന്നതായിരിക്കും ഒരു സംഘം. ഒരു ദിവസം മൂന്നു സംഘങ്ങൾക്ക് പരിശീലനം നൽകും. എൽ.സി.ഡി പ്രോജക്ടറും കമ്പ്യൂട്ടർ സൗകര്യവും ഈ കോച്ചിലുണ്ടാകും.

**കോച്ച് 6: കൗൺസലിംഗും വൈദ്യസഹായവും.**
ഇതിൽ ആറു ക്യാബിനുകൾ ഉണ്ടാകും. നാലു കൗൺസലിംഗ് ക്യാബിനുകളും ഡോക്ടർമാരുടെ രണ്ട് ക്യാബിനുകളും ഇതിൽ ഉൾപ്പെടും. ആവശ്യമുള്ളവർക്ക് ജനനേന്ദ്രിയ രോഗനിവാരണത്തിനുള്ള ചികിത്സയും നൽകും. എച്ച്ഐവി പരിശോധനയ്ക്കുള്ള സൗകര്യം പ്ലാറ്റ്ഫോമിൽ സജ്ജീകരിച്ചിരിക്കുന്ന ജ്യോതിസ് കേന്ദ്രത്തിൽ ലഭ്യമാണ്. ജ്യോതിസ് കൗൺസിലിംഗ് കേന്ദ്രത്തിൽ നിന്ന് പരിശീലനം ലഭിച്ച കൗൺസലർമാരായിരിക്കും കൗൺസലിംഗിനു നേതൃത്വം നൽകുക.
**കോച്ച് 7: സ്ലീപ്പർ കോച്ച്.**
സംഘാംഗങ്ങൾ, ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനിലെയും (നാകോ) സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിലെയും ഉദ്യോഗസ്ഥർ എന്നിവർക്കായുള്ളത്.
**കോച്ച് 8:**
ഓഫീസ്, ഭക്ഷണശാല
**കോച്ച് 9, 10**
ജനറേറ്റർ, എസ്. എൽ. ആർ

**റെഡ് റിബൺ എക്സ്പ്രസ് കേരളത്തിൽ**

എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി എത്തുന്ന റെഡ് റിബൺ എക്സ്പ്രസിന്റെ കേരളത്തിലെ സന്ദർശനം ഫെബ്രുവരി 23 മുതൽ മാർച്ച് 12 വരെയാണ്.

ഫെബ്രുവരി 23, 24 തീയതികളിൽ കാസർഗോഡ്, ഫെബ്രുവരി 25, 26 തീയതികളിൽ കണ്ണൂർ, ഫെബ്രുവരി 27, 28 തീയതികളിൽ തിരൂർ, മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ പാലക്കാട്, മാർച്ച് മൂന്ന്, നാല് തീയതികളിൽ തൃശൂർ, മാർച്ച് അഞ്ച്, ആറ് തീയതികളിൽ ആലുവ, മാർച്ച് ഏഴ്, എട്ട് തീയതികളിൽ എറണാകുളം സൗത്ത്, മാർച്ച് ഒമ്പത്, 10 തീയതികളിൽ കായംകുളം, മാർച്ച് 11, 12 തീയതികളിൽ കരുനാഗപ്പള്ളി എന്നിങ്ങനെയാണ് ഓരോ സ്റ്റേഷനിലും റെഡ് റിബൺ എക്സ്പ്രസ് എത്തുന്നത്. ഇതേസമയം ട്രെയിൻ എത്താത്ത ഉൾനാടൻ ഗ്രാമങ്ങളിലേക്ക് രണ്ടു ലൈഫ് ബസുകളിൽ കലാസംഘങ്ങൾ യാത്ര തിരിക്കും. ദിവസം മൂന്നു കേന്ദ്രങ്ങളിൽ വീതം ഇവർ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികൾ നടത്തും. കലാപരിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയ ഇതിന്റെ ഭാഗമായി ഉണ്ടാകും.
2008 ജൂൺ 28 മുതൽ ജൂലൈ 11 വരെയായിരുന്നു റെഡ് റിബൺ എക്സ്പ്രസ് ആദ്യമായി കേരളത്തിൽ പര്യടനം നടത്തിയത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഷൊർണൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായിരുന്നു അന്ന് ട്രെയിൻ എത്തിയത്.

**എച്ച്ഐവി, എയ്ഡ്സ്: പശ്ചാത്തലം**

എച്ച്ഐവിയും എയ്ഡ്സും ഇന്നും ലോകത്തിന് ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. ഈ വൈറസിനെ വരുതിയിലാക്കാൻ ശാസ്ത്രലോകം അത്യധ്വാനം ചെയ്തു കൊണ്ടിരിക്കുകയാണ്. സമീപഭാവിയിൽ തന്നെ എയ്ഡ്സ് ശാസ്ത്രത്തിനു കീഴടങ്ങുമെന്നു പ്രതീക്ഷിക്കുകയാണ് ശാസ്ത്രലോകം.

ഗവേഷണങ്ങളും പരീക്ഷണങ്ങളും ഒരു വശത്തു നടക്കുമ്പോഴും എച്ച്ഐവിയെ പ്രതിരോധിക്കാനും എച്ച്ഐവിക്കെതിരെ അവബോധം വളർത്താനും ശക്തമായ പ്രസ്ഥാനങ്ങൾ തന്നെ ലോകത്ത് രൂപപ്പെട്ടിട്ടുണ്ട്. സർക്കാരുകളും സർക്കാരേതര സംഘടനകളുമെല്ലാം ഈ രംഗത്ത് സജീവമാണ്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചുമുള്ള അവബോധം വലിയൊരു പരിധി വരെ വളർത്തിയെടുക്കാനായിട്ടുണ്ടെങ്കിലും ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ട്. അജ്ഞതയും അബദ്ധധാരണകളും ഇന്നും ഈ രംഗത്ത് പ്രശ്നം തന്നെ. ലോകത്തെ എച്ച്ഐവി അണുബാധിതരുടെ കണക്കു പരിശോധിക്കുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം മനസിലാകും.

ലോകത്ത് എച്ച്ഐവി അണുബാധിതരായി 3.32 കോടി ജനങ്ങളുണ്ട്. ഇവരിൽ 25 ലക്ഷം കുട്ടികളാണ്. പതിനഞ്ചിനും ഇരുപത്തിനാലിനുമിടയിൽ പ്രായമുള്ളവർ ഒരു കോടി വരും.

ഓരോ ദിവസവും ലോകത്തെങ്ങുമായി 7400 പേർ പുതിയതായി എച്ച്ഐവി അണുബാധിതരാകുന്നു. 40 ലക്ഷം പേർക്ക് ഇപ്പോൾ ചികിത്സ ലഭിക്കുന്നുണ്ട്. 97 ലക്ഷം പേർക്ക് ഇനിയും ചികിത്സ ലഭിക്കേണ്ട

തായുണ്ട്. പുതിയതായി അണുബാധിതരാകുന്നതിൽ പകുതിയും 25 വയസിൽ താഴെയുള്ളവരാണ്. ഇവരിൽ ഭൂരിപക്ഷവും 35 വയസ് എത്തുന്നതിനു മുമ്പു തന്നെ മരണമടയുകയും ചെയ്യുന്നു. എയ്ഡ്സിനെതിരെ ജാഗ്രത തുടരേണ്ടതിന്റെ ആവശ്യകത എടുത്തു കാട്ടുന്നതാണ് ഈ കണക്കുകൾ.

എന്നാൽ പുതിയതായി എച്ച്ഐവി അണുബാധിതരാകുന്നവരുടെ എണ്ണത്തിൽ വരുന്ന കുറവ് ഈ രംഗത്തെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ കാണിക്കുന്നു. 2001 ൽ ലോകത്ത് പുതിയതായി 30 ലക്ഷം പേർ എച്ച്ഐവി അണുബാധിതരായെങ്കിൽ 2007 ൽ ഈ എണ്ണം 27 ലക്ഷമായി കുറഞ്ഞു. 2005 ൽ എച്ച്ഐവി അണുബാധയുടെ ഫലമായുണ്ടായ മരണം 22 ലക്ഷമായിരുന്നു. എന്നാൽ ഇത് 2007 ൽ 20 ലക്ഷമായി കുറഞ്ഞിട്ടുണ്ട്.

**എച്ച്ഐവി, എയ്ഡ്സ് ഇന്ത്യയിൽ**

ഇന്ത്യയിൽ 24.7 ലക്ഷം എച്ച്ഐവി അണുബാധിതർ ഉള്ളതായാണ് കണക്ക്. ഇവരിൽ 88.7 ശതമാനവും പതിനഞ്ചിനും 49നുമിടയിൽ പ്രായമുള്ളവരാണ്. നിലവിൽ രാജ്യത്ത് 7,58,698 എച്ച്ഐവി അണുബാധിതർ സർക്കാരിന്റെ എയ്ഡ്സ് നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ ചികിത്സയിലുണ്ട്.

**കേരളവും എയ്ഡ്സും**

കേരളത്തിൽ എച്ച്ഐവി അണുബാധിതരും എയ്ഡ്സ് ബാധിതരുമായ 55,167 പേർ ഉണ്ടെന്നാണ് കണക്ക്. മുതിർന്നവർക്കിടയിൽ എച്ച്ഐവി അണുബാധ കേരളത്തിൽ 0.26 ശതമാനമാണ്. ഇന്ത്യയിലൊട്ടാകെയുള്ള കണക്കെടുത്താൽ ഇത് 0.34 ശതമാനമാണ്.

2009 ഒക്ടോബർ വരെ 11024 എച്ച്ഐവി അണുബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള എ.ആർ.ടി ചികിത്സാ കേന്ദ്രങ്ങളായ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾ എ.ആർ.ടി ചികിത്സയിലുള്ളവർ 4018 പേരാണ്. എ.ആർ.ടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത എച്ച്ഐവി അണുബാധിതരിൽ 950 പേർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്.

ഗർഭിണികളുടെ ഇടയിലും അണുബാധ സാധ്യത കൂടുതലുള്ള വിഭാഗങ്ങളുടെ ഇടയിലും നടത്തുന്ന സെന്റിനെൽ സാമ്പിൾ സർവേകളുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഒരു പ്രദേശത്തിന്റെ അണുബാധ സാധ്യത വിലയിരുത്തുന്നത്. ഗർഭിണികളുടെയിടയിൽ ഒരു ശതമാനത്തിൽ താഴെയും അണുബാധ സാധ്യത കൂടുതലുള്ള പ്രത്യേക വിഭാഗങ്ങളുടെയിടയിൽ അഞ്ചു ശതമാനത്തിൽ താഴെയും എച്ച്ഐവി അണുബാധയുള്ള പ്രദേശങ്ങളെ അണുബാധ സാധ്യത കുറഞ്ഞ പ്രദേശങ്ങളായാണ് കണക്കാക്കുന്നത്. അണുബാധ സാധ്യത കൂടുതലുള്ള പ്രത്യേക വിഭാഗങ്ങളുടെയിടയിൽ അഞ്ചു ശതമാനത്തിൽ കൂടുതലും എന്നാൽ ഗർഭിണികളുടെയിടയിൽ ഒരു ശതമാനത്തിൽ താഴെയും ഉള്ള പ്രദേശങ്ങളെ ക്രമേണ എച്ച്ഐവി അണുബാധ പടരാൻ സാധ്യതയുള്ള പ്രദേശമായും മേൽപ്പറഞ്ഞ രണ്ടും കൂടുതലുള്ള പ്രദേശങ്ങളെ കൂടുതൽ അപകട സാധ്യതയുള്ള പ്രദേശങ്ങളുമായാണ് കണക്കാക്കുന്നത്.

ഈ മാനദണ്ഡങ്ങളനുസരിച്ചു നോക്കിയാൽ കേരളം എച്ച്ഐവി, എയ്ഡ്സ് ഭീഷണിയുടെ കാര്യത്തിൽ താരതമ്യേന സുരക്ഷിതമാണ്. എന്നാൽ എറണാകുളം, കോഴിക്കോട് എന്നീ രണ്ടു ജില്ലകളിൽ മയക്കുമരുന്നു കുത്തിവയ്ക്കുന്നവർക്കിടയിലുള്ള അണുബാധ അഞ്ചു ശതമാനത്തിനു മുകളിലെത്തിയത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഏതായാലും ഈ രണ്ടു ജില്ലകളിലും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

രാജ്യവ്യാപകമായി നടത്തുന്ന സെന്റിനെൽ സാമ്പിൾ സർവേകളുടെ അടിസ്ഥാനത്തിലാണ് എച്ച്ഐവി അണുബാധയെ സംബന്ധിച്ച കണക്കുകൾ എടുക്കുന്നതെന്നു സൂചിപ്പിച്ചല്ലോ. ഇതനുസരിച്ചുള്ള ഏറ്റവും ഒടുവിലത്തെ കണക്കെടുപ്പിലാണ് കേരളത്തിൽ 55,167 എച്ച്ഐവി അണുബാധിതരുണ്ടെന്നു കണക്കാക്കിയിട്ടുള്ളത്. ശാസ്ത്രീയമായ അപഗ്രഥന രീതിയിലുള്ള ഈ കണക്കുകൾ ഏറെക്കുറെ കൃത്യമാണെന്നു പറയാം.

എന്നാൽ കേരളത്തിലെ അരലക്ഷത്തിലേറെ വരുന്ന എച്ച്ഐവി അണുബാധിതരിൽ 11,024 പേർ മാത്രമാണ് ആരോഗ്യസേവന കേന്ദ്രങ്ങളിലൂടെയുള്ള പരിശോധനയിലൂടെ അണുബാധിതരാണെന്നു മനസിലാക്കിയിട്ടുള്ളത്. അവശേഷിക്കുന്നവർ ഇപ്പോഴും ഒരു പക്ഷേ തങ്ങളുടെ അവസ്ഥ പോലും മനസിലാക്കാതെ സമൂഹത്തിൽ കഴിയുന്നു എന്നാണ് ഇതിനർഥം. ഇതുവഴി ഇവർക്ക് ചികിത്സ നടത്താനും അണുബാധയുടെ ആക്രമണത്തെ ചെറുത്തു ജീവിക്കാനുമുള്ള അവസരമാണ് ഇല്ലാതായിക്കൊണ്ടിരി

ക്കുന്നത്.

ഈ സ്ഥിതി മാറി എച്ച്ഐവി  പരിശോധനയിലേക്ക് എല്ലാവരെയും എത്തിക്കുക എന്ന ദൗത്യം കൂടി ഏറ്റെടുക്കേണ്ടതുണ്ട്. റെഡ് റിബൺ എക്സ്പ്രസ് പോലെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രസക്തി ഈയൊരു പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.